## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4854

04.07.2012 ലെ മറുപടിയ്ക്ക്

# ഗവേഷണ വികസന മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള ഗവേഷണ, വികസന മേഖലയിലെ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെകുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; | (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഗവേഷണ സ്ഥാപനങ്ങളും സംസ്ഥാനത്തിന്റെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെകുറിച്ച് കാലാകാലങ്ങളിൽ വിവിധ കമ്മറ്റികൾ വിശകലനം നടത്തിയിട്ടുണ്ട്. |
| (ബി) ഇവയ്ക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന പണത്തിനനുസരിച്ച് മെച്ചപ്പെട്ട ഫലങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും ഗവേഷണ സ്ഥാപനങ്ങളിലും നടന്നു വരുന്ന ഗവേഷണങ്ങളുടെ ഫലങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ഗവേഷണ പദ്ധതികൾ പരിശോധിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ പ്രത്യേകം റിസർച്ച് കമ്മിറ്റി, മാനേജ്മെന്റ് കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവ നിലവിലുണ്ട്. |
| (സി) ഇത്തരം സ്ഥാപനങ്ങളെ പരിഷ്ക്കരിക്കുന്നതിനും, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻ പര്യാപ്തമാകും വിധം പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) ജനങ്ങൾക്ക് ഗവേഷണ ഫലങ്ങൾ വഴി കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻ പര്യാപ്തമാകും വിധം പരിഷ്ക്കരിക്കുന്നതിന് നടപടികൾ കേരള ശാസ്ത്ര സാങ്കേതിക, പരിസ്ഥിതി കൗൺസിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ